**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 736 07.02.2013-ൽ മറുപടിയ്ക്ക്

## ഔഷധവ്യാപാര ലൈസൻസുകൾ ഓൺലൈനിൽ

ചോദ്യം

ശ്രീ. ഹൈബി ഈഡൻ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.ആർ സെൽവരാജ്
ശ്രീ.ലൂഡി ലൂയിസ്

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്ത് 6 മേഖലകളിലായി 15000 ലേറെ മൊത്ത/ചില്ലറ മരുന്നു കടകൾക്കും 1200 ലേറെ അലോപ്പതി/ആയുർവ്വേദ/ഹോമിയോ സ്ഥാപനങ്ങൾക്കും ലൈസൻസുകൾ അനുവദിച്ചുകൊണ്ടും ഔഷധ നിയമങ്ങൾ നടപ്പിലാക്കികൊണ്ടും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അ ലോപ്പതി/ആയുർവ്വേദ/ അനലിറ്റിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പിന്റെ ഔഷധ വ്യാപാര ലൈസൻസുകൾ ഓൺലൈനിൽ ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി)ഏറ്റവും എളുപ്പത്തിലും, വേഗത്തിലും ഔഷധ വില്പന ലൈസൻസുകൾ ലഭ്യമാക്കുന്നതിനുള്ള XLN Software നടപ്പിലായതോടെ ലൈസൻസുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗുണഭോക്താവിന് ലളിതമായും, സുതാര്യമായും ലൈസൻസ് നടപടികൾ നിരീക്ഷിക്കുന്നതിനും ഇതിൽ സംവിധാനമുണ്ട്. |
| (സി) ഈ സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) (1) ലൈസൻസിനായി അപേക്ഷിക്കുന്നവർക്ക് അവരുടെ അപേക്ഷയുടെ സ്ഥിതി ഈ സംവിധാനത്തിലൂടെ എളുപ്പത്തിൽ അറിയുവാൻ കഴിയും.<br>(2) ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ, കുറഞ്ഞ തോതിലെങ്കിലും പ്രസ്തുത ഔഷധങ്ങൾ വിപണിയിൽ കാണപ്പെടാറു ണ്ട്. എന്നാൽ പുതിയ സോഫ്റ്റ്‌വെയ റിന്റെ എസ്.എം.എസ് സംവിധാനം വഴി, ഇത്തരം മരുന്നുകളും, വിശദാംശങ്ങളും പരിശോധനാഫലം ലഭ്യമായ ഉടൻതന്നെ വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾക്കും കൂടാതെ മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്യുന്നവർക്കും ലഭ്യമാക്കുന്നു. ഈ സംവിധാനത്തിലൂടെ വിപണിയിലെ ഗുണനിലവാരം കുറഞ്ഞ മരുന്നുക ളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും ഉടൻ ലഭിക്കുന്നതാണ്. |

| | |
|---|---|
| (ഡി) ലൈസൻസില്ലാതെ മരുന്നുകൾ വിൽക്കുന്നവർക്കെതിരെ നടപടി എടുക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട്? | (ഡി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനാ വേളകളിൽ ഉത്പാദന/വില്പന ലൈസൻസുകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ലൈസൻസില്ലാതെ മരുന്നുകൾ വില്ക്കുന്നതായി അറിവോ പരാതിയോ ലഭിക്കുന്നപക്ഷം വകുപ്പിലെ ഉദ്യോഗസ്ഥർ അന്വേഷണം നടത്തുകയും ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ആയവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചു വരുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ ജാഗരൂകരാണ്. |

സെക്ഷൻ ഓഫീസർ